

# ബൈബിൾ
# ദൂത്

# ALMOST FREE !

## Excellent Christian Literature

You can receive 20 books (English) worth two hundred rupees for rupees twentyfive only. Good for preachers, teachers and students of the Bible.

Also available are 20 books in Hindi just for rupees fifteen only.

All books are mailed free of charge, Your M. O. should be addressed to.

Editor
THE BIBLE TEACHER
C-22 N. D. S. E.2
New Delhi-110049

# ബൈബിൾ ട്രൂത്ത്

Editors

P. K. VARGHESE *** J. C. CHOATE

*** *** ***


**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 7** **November 1993** **No. 8**

അന്ത്യകാലത്തു ദുർഘടസമയങ്ങൾ വരുമെന്ന മുന്നറിയിപ്പ് വിശുദ്ധ വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അവിടവിടെയുണ്ടാകുന്ന ഭൂകമ്പങ്ങൾ, രാജ്യങ്ങൾ തമ്മിലുള്ള എതിർപ്പ്, യുദ്ധം, ജാതി, ജാതിയോടുള്ള എതിരിടൽ എന്നിവ ലക്ഷണങ്ങളായി സംഭവിക്കുമെന്നും അരുളിച്ചെയ്തിട്ടുണ്ട്. ഇതിന്റെ കാരണത്തെക്കുറിച്ച് നാം ബോധവാൻമാരാകണം. ദൈവേഷ്ടം അനുസരിച്ച്, മനുഷ്യർ ജീവിക്കേണ്ടതിന്നു ഉണ്ടാക്കപ്പെട്ടതാണ് ആകാശവും ഭൂമിയും അതിലുള്ളതൊക്കെയും. ദൈവത്തെ ധിക്കരിച്ച് മനുഷ്യർ അധാർമ്മിക ജീവിതത്തിൽ തന്നെ കഴിയുമ്പോൾ അവരിൽ ദൈവകോപം ഉണ്ടായിട്ടുള്ള അനേക ചരിത്രസംഭവങ്ങൾ ബൈബിളിൽ ചിത്രീകരിച്ചിട്ടുണ്ട്. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ദുരന്തങ്ങളും ഇങ്ങനെയുള്ളതാണ്. ദൈവഭയമില്ലാതെ വസിക്കുന്ന എല്ലാ രാജ്യങ്ങളിലും ഇതു ഉണ്ടായിക്കൊണ്ടിരിക്കുന്നു. ശാസ്ത്രജ്ഞൻമാർ ഇതിന്റെ ഉൽഭവവും കാരണവും കണ്ടുപിടിക്കാൻ ശ്രമിക്കുന്നുണ്ട്. പക്ഷെ അവർ അടിസ്ഥാനപരമായ കാരണത്തിലേക്കു തിരിഞ്ഞു നോക്കുന്നില്ല. പ്രകൃതി നിയമങ്ങൾക്കതീതമായ ദൈവപ്രവൃത്തിയാണ് ഇതിന്റെ പിന്നിലുള്ളതു. തിരിച്ചറിയുക, ന്യൂനതകൾ പരിഹരിക്കുക. ധാർമ്മികമായി ദൈവത്തെ പ്രസാദിപ്പിച്ച് ജീവിക്കുകയാണ് ഇതിനുള്ള പ്രതിവിധി.

എഡിറററർ



# മരിച്ചവർ എവിടെ ?

## J. C. ചോട്ട്

മരണം എല്ലാവരും അഭിമുഖീകരിക്കേണ്ട ഒന്നാണല്ലൊ. കർത്താവായ ക്രിസ്തു വീണ്ടും വരുമ്പോഴം ഭൗതിക ശരീരത്തിൽ നിന്നുള്ള വേർപാട് അല്ലെങ്കിൽ മരണം ഏവർക്കും ഉള്ളതാണ് (1 തെസ്സലോനിക്യർ 4:16, 17). ഒരിക്കൽ മരണവും പിന്നെ ന്യായവിധിയും മനുഷ്യനു ദൈവം നിശ്ചയിച്ചിരിക്കയാണ് ' (എബ്രായർ 9:27). നാം ശരീരത്തിൽ ഇരിക്കുമ്പോഴം ചെയ്തതു നല്ലതാകിലും തീയതാകിലും നാമെല്ലാവരും ക്രിസ്തുവിന്റെ ന്യായവിസ്താരത്തിനു മുൻപിൽ നിൽക്കേണ്ടതാകുന്നു (2 കൊരിന്ത്യർ 5.10).

ഭൂകമ്പത്തിനിരയായി, ക്ഷാമത്തിനിരയായി, അപകടത്തിൽപ്പെട്ട്, യാദൃശ്ചികരോഗത്താൽ ഇങ്ങനെ വിവിധ രീതിയിൽ ഓരോരുത്തരും മരണത്തോട് അടുക്കുന്നു ' ഈ സന്ദർഭത്തിൽ ഉദിക്കാവുന്ന ഏററവും വലിയ ചോദ്യം - മരണത്തിനും ന്യായവിധിക്കും മദ്ധ്യേ മനുഷ്യന് എന്തു സംഭവിക്കുന്നു എന്നതാണ് അതു. അല്ലെങ്കിൽ ഈ കാലയളവിൽ അവർ എവിടെ കഴിച്ചു കൂട്ടുന്നു ? സുബോധത്തോടെയോ അതോ അബോധാവസ്ഥയിൽ മരിച്ച സ്ഥലങ്ങളിലോ അടക്കപ്പെട്ട കല്ലറകളിലോ അവശേഷിക്കുകയാണോ ? പലരുടേയും ചിന്തയിൽ ഉണ്ടാകാറുള്ള സംശയങ്ങളാണിവ.

ലൂക്കൊസ് 16-ാം അദ്ധ്യായം 19 മുതൽ 31 വരെയുള്ള വാക്യങ്ങളിൽ ധനവാന്റേയും ലാസറിന്റേയും കഥ, ക്രിസ്തു നമ്മെ പഠിപ്പിക്കുന്നുണ്ട്. ധനവാനും, ദരിദ്രനായിരുന്ന ലാസറും മരിച്ചു. ദരിദ്രൻ മരിച്ചപ്പോഴം അവന്റെ ആത്മാവ്, ദൂതൻമാരാൽ അബ്രഹാമിന്റെ മടിയി

ലേക്കു അഥവാ നീതിമാന്മാരുടെ ആത്മാക്കൾക്കുള്ള സ്ഥാനമായ പറുദീസയിലേക്കു എടുക്കപ്പെട്ടു. പക്ഷെ ധനവാൻെറ ആത്മാവോ, യാതനാസ്ഥലത്തേക്കാണ് എടുക്കപ്പെട്ടതു. അവിടെ തീജ്വാലയിൽ യാതന അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നു. പിന്നെ അവൻ തന്നോടു കരുണ കാണിക്കേണം എന്ന് അബ്രഹാമിനോടു അപേക്ഷിക്കുകയാണ്. ലാസറെ അയച്ചു അവൻെറ വിരലിൻെറ അററം വെള്ളത്തിൽ മുക്കി അവൻെറ നാവിനെ തണുപ്പിക്കേണ്ടതിനു ആവശ്യപ്പെട്ടപ്പോൾ അവൻ ഭൂമിയിലായിരുന്നപ്പോൾ എല്ലാ നൻമയും അനുഭവിച്ചു എന്നാൽ ലാസറോ കരുണ കൂടാതെ എല്ലാ തിൻമയും അനുഭവിക്കയായിരുന്നു എന്നു അബ്രാഹാം മറുപടി കൊടുത്തു. തുടർന്ന് അവൻ പറയുന്നതു: ആകയാൽ നീ (ധനവാൻ) യാതനയും ലാസർ (ദരിദ്രൻ) ഇപ്പോൾ ആശ്വാസവും അനുഭവിക്കുന്നു എന്നത്രെ.

ലാസറിനു ധനവാൻെറ അടുക്കൽ പ്രവേശിക്കുവാൻ യാതൊരു സാദ്ധ്യതയുമില്ല എന്ന് വിശദമാക്കിയിട്ടുണ്ട്. കാരണം രണ്ടു കൂട്ടർക്കും തമ്മിൽ വലിയൊരു പിളർപ്പ് വെച്ചിരിക്കുന്നതിനാൽ അങ്ങോട്ടും ഇങ്ങോട്ടും കടന്നുനടക്കാൻ പററാത്ത അവസ്ഥയിലാണ്. രണ്ടു ഭാഗത്തും ഉള്ളവർ മരണശേഷം തങ്ങളുടെ അവസ്ഥക്കു മാററം വരുത്താൻ ശ്രമിച്ചാലും അതു നടക്കാൻ പോകുന്നില്ല എന്നതു സ്പഷ്ടമാണ്.

ധനവാൻെറ അടുത്ത ആവശ്യം അബ്രഹാമിനോടു അറിയിക്കുന്നതു ശ്രദ്ധിക്കുക. ധനവാൻെറ അപ്പൻെറ ഭവനത്തിൽ കഴിയുന്ന അവൻെറ അഞ്ചു സഹോദരങ്ങളും ഈ യാതനാസ്ഥലത്തു വന്ന് കഷ്ടത അനുഭവിക്കാതിരിക്കേണ്ടതിനു ലാസറിനെ അവരുടെ അടുക്കൽ അയക്കേണമേ എന്ന അപേക്ഷയും നിരാകരിക്കപ്പെട്ടു. അബ്രഹാം അവനോട്, അവർക്കു മോശയും പ്രവാചകൻമാരും ഉണ്ടല്ലൊ. അവർ അവരുടെ വാക്കു കേൾക്കാഞ്ഞാൽ അവരോടു മരിച്ചവരിൽ

നിന്നു ഒരാൾ പോയി പറഞ്ഞാലും കേൾക്കയില്ല എന്നു പറഞ്ഞു. ദൈവത്തിൻെറ അരുളപ്പാടുകളെ വിശ്വസിക്കാതെ തള്ളിക്കളയുന്നവർക്കു പിന്നെ രണ്ടാമതൊരു അവസരം കിട്ടുകയില്ല.

ലാസർ പറുദീസയിലും ധനവാൻ യാതനാസ്ഥലത്തും എത്തിക്കഴിഞ്ഞു. എന്നാൽ പുനരുത്ഥാനമോ ? എല്ലാവർക്കുമുള്ള പൊതുവായ ഉയിർത്തെഴുന്നേൽപോ എന്നു ചോദിച്ചേക്കാം. ഇവിടെ പ്രശ്നമൊന്നും ഇല്ല. ഈ ലോകത്തിലേപോലെ ഒരു കുലപാതകനെ പിടി കിട്ടിയാൽ അവൻെറ വിധി കഴിയുന്നതുവരെ അവനെ തടവിൽ സൂക്ഷിക്കും. അതിനുശേഷം അതായതു വിധിക്കുശേഷമാണ് അവനു കിട്ടേണ്ടതായ ശിക്ഷ നൽകുന്നതു. നീതിമാനായ ഒരു വ്യക്തി അല്ലെങ്കിൽ ദൈവവചനത്തിൽ വിശ്വസ്ഥനായ ഒരു വ്യക്തി മരിച്ചാൽ അയാളുടെ ആത്മാവ് പറുദീസയിൽ അല്ലെങ്കിൽ നീതിമാൻമ്മാർക്കുള്ള സ്ഥാനത്തേക്കു പോകുന്നു എന്നാണ് തിരുവെഴുത്തു പഠിപ്പിക്കുന്നതു. ദുഷ്ടനായ ഒരാൾ ദൈവവചനം അനുസരിക്കാതെ ജീവിച്ച് മരിച്ചാൽ ആത്മാവ് യാതനാസ്ഥലത്തേക്ക് അഥവാ ദുഷ്ടൻമാർക്കുള്ള ഓഹരിയായി ലഭിക്കുന്ന സ്ഥാനത്തേക്കു പോകുന്നു.

അവസാനം കർത്താവ് വീണ്ടും വരുമ്പോൾ (1 തെസലോനിക്യർ 4:16) അവൻെറ ശബ്ദം കേട്ട് കല്ലറകളിൽ ഉള്ളവർ എല്ലാവരും ഉയിർത്തെഴുന്നേൽക്കും. പറുദീസയിലുള്ളവരും യാതനാസ്ഥലത്തുള്ളവരും എല്ലാവരും കർത്താവിൻെറ മുൻപിൽ പ്രത്യക്ഷപ്പെടേണ്ടതാകുന്നു. അതു ന്യായവിധിക്കുവേണ്ടിയാണ്. ന്യായവിധിക്കുശേഷമാണ് ഓരോരുത്തർക്കും നീക്കിവെച്ചിരിക്കുന്ന നിത്യസ്ഥാനങ്ങൾ ലഭിക്കുന്നതു (പ്രവൃത്തി 17:31; മത്തായി 25:31-46). അവസാനസമയം വളരെ നിർണ്ണായകമായ ഒന്നത്രെ. ദൈവവചനം അനുസരിക്കാതിരിക്കുന്ന ദുഷ്ടൻമാർ ദൈവത്തിൻെറ സന്നിധാനം വിട്ടകന്നു നിത്യശിക്ഷാവിധിയാകുന്ന നരക

ത്തിലേക്കു തള്ളപ്പെടും. പക്ഷേ ദൈവവചനം അനുസരിച്ച നീതിമാൻമാർ ദൈവത്തോടുകൂടെ നിത്യമായി വാഴും (മത്തായി 25:46).

മരണവും ന്യായവിധിയും അവസാനഘട്ടത്തിൽ സംഭവിക്കുന്നതാണ്. അതു ഒരാളുടെ നിത്യമായ ലക്ഷ്യസ്ഥാനത്തെ കാണിക്കുന്നു. മരിക്കുന്നതിനു മുൻപു മാത്രമെ ഈ ലക്ഷ്യസ്ഥാനം ഉറപ്പു വരുത്താൻ കഴിയൂ. ദുഷ്ടൻ മരണശേഷം ഇല്ലാതാകുന്നതോ രണ്ടാമതു ഒരു മാററമോ സംഭവ്യമല്ല. ആത്മാവ് ഒന്നുകിൽ എന്നേക്കും സ്വർഗ്ഗത്തിൽ അല്ലെങ്കിൽ എന്നേക്കും നരകത്തിൽ വസിക്കും. ഇതാണ് ദൈവത്തിന്റെ മുൻനിർണ്ണയ പദ്ധതി. ഇതിനപ്പുറമായിട്ടുള്ളതു മാനുഷികമാണ്.

എന്റെ സ്നേഹിതാ, നമുക്കു ഇന്നു തന്നെ അവന്റെ കൽപനകൾ അനുസരിച്ച് അവന്റെ വരവിനായി ഒരുങ്ങാം. ന്യായീകരിക്കാനോ ഒഴിഞ്ഞുമാറുവനോ ശ്രമിക്കാതെ ആത്മാർത്ഥഹൃദയത്തോടെ കർത്താവിന്റെ രക്ഷാപദ്ധതി പ്രമാണിക്കുക. അതല്ലാതെ മററന്തു ചെയ്താലും നമുക്കു സ്വർഗ്ഗത്തിൽ പോകാൻ സാദ്ധ്യമല്ല. ഞാൻ മുഖാന്തരമല്ലാതെ ആർക്കും സ്വർഗ്ഗത്തിൽ പ്രവേശിക്കാവുന്നതല്ല എന്ന് യേശു അരുളിച്ചെയ്തിരിക്കുന്നു. നിങ്ങളുടെ രക്ഷയെ അഗണ്യമായി കരുതി ആത്മാവിനെ നിത്യനാശത്തിലേക്കു തള്ളിക്കളയാതെ ആത്മരക്ഷ പ്രാപിച്ച് പിതാവിന്റെ ഭവനത്തിൽ ജ്യോതിസ്സുകളെപോലെ പ്രകാശിക്കുവാനും നിത്യമായി ആശ്വസിക്കുവാനും ദൈവം നിങ്ങളെ സഹായിക്കട്ടെ.

★

# ആഴ്ചവട്ടത്തിൻെറ ഒന്നാം നാൾ

T C. രാജൻ തുമരംപാറ

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

ഇതേ രീതിയിൽ കർത്താവായ യേശുക്രിസ്തു പിതാവാം ദൈവത്തിൻെറ പാപത്തോടുള്ള വെറുപ്പ് എന്ന മില്ലിൽ നുറുങ്ങി പൊടിഞ്ഞ [കാൽവറിയിലെ മരണം] തുമൂലം അവനിൽ വിശ്വസിക്കുന്ന മനുഷ്യന് പാപത്തിൽ നിന്ന് മോചനം ലഭിക്കുന്നു. പലരായ മനുഷ്യന് ഏകരക്ഷാമാർഗ്ഗം മാത്രമേയുള്ളു; കർത്താവായ യേശുക്രിസ്തു. "വിശ്വസിക്കുന്ന ഏവനും ആദ്യം യഹൂദനും പിന്നെ യവനനും അത് രക്ഷക്കായി ദൈവശക്തിയാകുന്നു [റോമർ 1:16]. നമ്മോടുള്ള സ്നേഹത്തിൽ അവനെ തകർത്തുകളയുവാൻ യഹോവയ്ക്ക് ഇഷ്ടം തോന്നി [യെശ. 53:10]. നമുക്കുവേണ്ടി തകർക്കപ്പെട്ട കർത്താവിനെ നാം ഓർക്കേണ്ടത് അത്യാവശ്യമാണ്.

എന്നാൽ ചിലർക്ക് തങ്ങളുടെ സഭായോഗം പോലും മുടക്കിക്കളയുന്നതിൽ യാതൊരു മടിയുമില്ല. മോശെ തൻെറ സങ്കീർത്തനത്തിൽ [സങ്കീ. 90:10] പറയുന്നു: "ഞങ്ങളുടെ ആയുഷ്കാലം എഴുപത് സംവൽസരം ഏറെയായാൽ എൺപത്. അതിൻെറ പ്രതാപം പ്രയാസവും ദുഃഖവും മാത്രം അത് വേഗം തീരുകയും ചെയ്യുന്നു". ഈ കഷ്ടത നിറഞ്ഞ ലോകത്തിൽ മനുഷ്യൻെറ ആയുസ് കുറഞ്ഞുവരികയാണ്. കാരണം നിരന്തരം ലോകജനത വഷളത്വത്തിലേക്ക് നീങ്ങികൊണ്ടിരിക്കുന്നു. ഒരു മനുഷ്യായുസ് തിരുവചനാടിസ്ഥാനത്തിൽ എഴുപത് അല്ലെങ്കിൽ എൺപത് എന്നു കണ്ടു. അങ്ങനെയെങ്കിൽ ഈ മനുഷ്യായുസിൽ എത്ര ആഴ്ചവട്ടം ലഭിക്കുന്നു എന്ന് നോക്കാം. 'ഒരു വർഷത്തിൽ

'52' ആഴ്ചവട്ടം [ഒന്നാംദിവസം; ഞായറാഴ്ച] 52×80=4160 ആഴ്ചവട്ടം അഥവാ ഞായറാഴ്ച [വിശുദ്ധദിവസം] ലഭിക്കുന്നു. ഒരു മനുഷ്യായുസിൽ 4160 ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ മാത്രമേ ഒരു മനുഷ്യന് ലഭിക്കുന്നുള്ളു. ഇത് ഒരു വിശ്വാസി ഉപേക്ഷിക്കുകയാണ് എന്നു പറഞ്ഞാൽ അതിന് ലോകസ്നേഹം എന്നല്ലാതെ എന്താണ് പേര് പറയുക. ലോകസ്നേഹം ദൈവത്തോട് ശത്രുത്വം ആകുന്നു. ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകുന്നു; ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും ഇരിക്കുന്നു [1 യോഹ. 2:17]. എബ്രായലേഖനക്കാരൻ പറയുന്നു. 'ചിലർ ചെയ്യുന്നതുപോലെ നമ്മുടെ സഭായോഗങ്ങളെ ഉപേക്ഷയായി വിചാരിക്കരുത്' [എബ്രാ. 10:24]. സഭായോഗം എന്നു പറയുമ്പോൾ അതിൽ ഒരു മർമ്മം ഉണ്ട് കർത്താവിനെ ഓർക്കുക; അവന്റെ മരണത്തെ പ്രസ്താവിക്കുക [ലൂക്കൊസ് 21:19]. കാരണം സഭ എന്നാൽ വിളിച്ചു വേർതിരിക്കപ്പെട്ട കൂട്ടം എന്നർത്ഥമാകുന്നു [പ്രത്യേക പ്രവർത്തിക്കായി].

കർത്താവിന്റെ മേശയിൽ നാം പങ്കാളികൾ ആകുമ്പോൾ നാം എന്താണ് കർത്താവിനോട് സമ്മതിക്കുന്നത് എന്ന് പരിശോധിക്കുന്നതിനായി 1 കൊരി. 11:23-33 വരെയുള്ള വാക്യങ്ങളിലേക്ക് കടന്നുവരാം. ഒന്നാമതായി: ഈ മേശയിലൂടെ കർത്താവിനെ നാം 'അനുസരിക്കുന്നു' [1 കൊരി. 11:24]. എന്റെ ഓർമ്മക്കായി ചെയ്യുവിൻ! നാം ഇത് അനുഷ്ഠിക്കുമ്പോൾ അവന്റെ കൽപനയെ അനുസരിക്കുന്നു. രണ്ടാമതായി:- ഓർമ്മയാണ് [വാക്യം 11:24-25]. കാൽവറി ക്രൂശിൽ സഹിച്ച കഷ്ടതകളെ കുറിച്ചുള്ള ഓർമ്മ. മൂന്നാമതായി:- മരണത്തെ പ്രസ്താവിക്കുന്നു [വാക്യം 11:26]. ദൈവത്തോടുള്ള സമത്വം മുറുകെ പിടിക്കാതെ വേഷത്തിൽ മനുഷ്യനായി ദാസരൂപമെടുത്തു [ഫിലി. 2:6-8]. വേഷത്തിൽ മനുഷ്യനായി ക്രൂശിലെ മരണത്തോളം അനുസരണമുള്ളവനായി തീർന്നവന്റെ മരണത്തെ കുറിക്കുന്നു.

അതിനേക്കാളുപരി കർത്താവ് വീണ്ടും വരും എന്നുള്ള വലിയ വിശ്വാസത്തെ കാണിക്കുന്നു. "കർത്താവ് വരുവോളം" അവൻെറ മരണത്തെ പ്രസ്താവിക്കുന്നു [വാക്യം 11:26], മുടക്കം കൂടാതെ ചെയ്യേണ്ടതാണ്. ഗലീലാ പുരുഷന്മാരേ നിങ്ങൾ ആകാശത്തേക്ക് നോക്കിനിൽക്കുന്നതെന്ത് ? നിങ്ങളെ വിട്ട് സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ നിങ്ങൾ കണ്ടതുപോലെ തന്നെ അവൻ വീണ്ടും വരും എന്നു പറഞ്ഞു [അപ്പൊ. 1:11]. പിന്നെയും വന്നു നിങ്ങളെ എൻെറ അടുക്കൽ ചേർത്തു കൊള്ളും [യോഹ. 14;4]. അതു കൊണ്ട് അയോഗ്യമായി അപ്പം തിന്നുകയോ കർത്താവിൻെറ പാനപാത്രം കുടിക്കുകയോ ചെയ്യുന്നവനെല്ലാം കർത്താവിൻെറ രക്തവും ശരീരവും സംബന്ധിച്ച് കുററക്കാരനാകും [വ്യാക്യം 11:27]. തന്നെത്താൻ ശോധന ചെയ്തിട്ടുവേണം ഇവയിൽ പങ്കാളിയാകുവാൻ. കർത്താവിൻെറ കൽപന അനുസരിക്കുന്നവൻ ശരീരത്തെ വിവേചിക്കാഞ്ഞാൽ തനിക്കു തന്നെ ശിക്ഷാവിധി തിന്നുകയും കുടിക്കുകയും ചെയ്യുന്നു. കർത്താവിൻെറ ശിഷ്യൻമാരിൽ ഒരാളായ യൂദയ്ക്ക് സംഭവിച്ചത് നാം ഓർക്കേണ്ടതാണ്. കർത്താവിൻെറയൊപ്പം താലത്തിൽ കൈയ്യിട്ട യൂദയുടെ ശരീരത്തെ, ചിന്തയെ വിവേചിക്കാഞ്ഞതിനാൽ ഉണ്ടായ ഗതികേട് [ദൈവശാപം] നമുക്ക് കാണുവാൻ കഴിയും [മത്താ. 26:21]. പിന്നീട് അവൻ പോയി കെട്ടി ഞാന്നു ചത്തുകളഞ്ഞു. യൂദയ്ക്ക് താൻ തന്നെ ശിക്ഷ വിധിച്ചതായി നമുക്ക് മനസ്സിലാക്കാം [മത്താ. 27:3-5].

[ഇന്ന് നിങ്ങളുടെ പാപങ്ങൾ എത്ര കടുംചുവപ്പായിരുന്നാലും ഹിമം പോലെവെളുക്കും. രക്താംബരം പോലെ ചുവപ്പായിരുന്നാലും പഞ്ഞിപോലെ ആയിത്തീരും എന്ന വാക്യത്തെ ആധാരമാക്കി ചിലർ ആഴ്ചവട്ടവിശുദ്ധൻമാർ ആയി മാറിയിരിക്കുകയാണ്. കർത്താവിൻെറ മേശ കഴിഞ്ഞതിനുശേഷം വീണ്ടും പഴയ അവസ്ഥ. ഇത് മാററിയേ തീരു:...നീ എഴുന്നേൽക്കുന്നതും ഇരിക്കുന്നതും കർത്താവ് അറിയുന്നു. നമുക്കു ചുററും യൂദാ പോലുള്ള അനേകം

സാക്ഷികൾ ഉള്ളതുകൊണ്ട് മുറുകെ പററുന്ന പാപം വിട്ട് വിശുദ്ധിയോടെ നിൽക്കേണ്ടത് അത്യാവശ്യമാണ് [എബ്രാ 12:1]. കർത്താവ് ഇതാ വരുന്നു അവനവൻെറ പ്രവർത്തിക്ക് കൊടുപ്പാൻ അവൻെറ പക്കൽ ഉണ്ട് [വെളി. 22:12). നിങ്ങൾ വിശ്വാസത്തിൽ ഇരിക്കുന്നുവോ എന്ന് നിങ്ങളെ തന്നെ പരീക്ഷിപ്പിൻ [2 കൊരി. 13;5]. നാം നമ്മെ തന്നെ ശോധന ചെയ്യേണ്ടതാണ്. വാക്കുകൾ, ചിന്തകൾ, പ്രവർത്തികൾ എല്ലാം ഒന്നു വിലയിരുത്തിയശേഷം കർത്താവിൻെറ മേശയിൽ പങ്കെടുക്കേണ്ടതാണ്; അല്ലായെങ്കിൽ നമ്മുടെ മുന്നിൽ യൂദയുണ്ട് പ്രത്യക്ഷ അടയാളം. ഈ അവസരത്തിൽ കർത്താവ് പറഞ്ഞ വിതക്കുന്നവൻെറ ഉപമയിൽ എന്താണ് പറഞ്ഞിരിക്കുന്നത് ? ശ്രദ്ധിക്കുന്നത് നന്നായിരിക്കും. "വിതെച്ചപ്പോൾ ചിലത് പാറസ്ഥലത്ത് ഏറെ മണ്ണില്ലാത്തിടത്ത് വീണു. മണ്ണിനു താഴ്ച ഇല്ലായ്കയാൽ ക്ഷണത്തിൽ മുളച്ചു വന്നു. എന്നാൽ സൂര്യൻ ഉദിച്ച് ചൂട് തട്ടിയപ്പോൾ വേർ ഇല്ലായ്കയാൽ അത് ഉണങ്ങിപ്പോയി (മത്താ. 13:4-5].

കർത്താവ് ഈ ഉപമ ശിഷ്യൻമാർക്ക് വിശദീകരിച്ചു കൊടുക്കുന്നത് ശ്രദ്ധിക്കാം. "പാറസ്ഥലത്തു വിതെയ്ക്കപ്പെട്ടതോ ഒരുത്തൻ വചനം കേട്ടിട്ട് ഉടനെ സന്തോഷത്തോടെ കൈക്കൊള്ളുന്നു എങ്കിലും വേർ ഇല്ലായ്കയാൽ അവൻ ക്ഷണികനത്രേ [മത്താ. 13:20]. ഇതേ രീതിയിലാണ് പലരുടെയും ജീവിതം; വേരില്ലാത്ത അവസ്ഥ. ഒരു തെററ് ചെയ്താൽ അതിന് ക്ഷമ ലഭിക്കും. അതേ തെററ് വീണ്ടും വീണ്ടും ആവർത്തിച്ചുള്ള സ്ഥിതി ആയാലോ ? യഥാർത്ഥമായി വചനം എന്തു പറയുന്നു എന്ന് പരിശോധിച്ചു നോക്കേണ്ടത് അത്യാവശ്യമാണ്. തിരുവചനം പറയുന്നു, ശരീരത്തെ വിവേചിക്കാഞ്ഞാൽ പലരും ബലഹീനരാകുന്നു; രോഗികൾ ആകുന്നു. യൂദയെപ്പോലെ നിദ്ര കൊള്ളുന്നു. ആയതിനാൽ നാം യഥാർത്ഥത്തിൽ ആഴ്ചവട്ടത്തിൻെറ ഒന്നാം നാളിലെ ഈ കൂട്ടായ്മയുടെ മാഹാത്മ്യത്തെ മനസിലാക്കി മനസു പുതുക്കി മറുവേലൻെറ

മുൻപിൽ അവൻെറ കൽപനയെ അനുസരിക്കാൻ നാം തയ്യാറായി നില്ക്കേണ്ടതു് അത്യാവശ്യമാണ്. ആയതിനാൽ ആഴ്ചവട്ടത്തിൻെറ ഒന്നാം നാൾ ഒന്നാം നൂറ്റാണ്ടിലെ വിശുദ്ധൻമാർ കൂടിവന്നതുപോലെ നമുക്കു ഈ വിശുദ്ധദിവസത്തെ ഉപേക്ഷയായി വിചാരിക്കാതെ കർത്താവിൻെറ കൽപനയെ പൂർണ്ണമായി അതിൻേറതായ ഗൗരവത്തിൽ ചെയ്യുവാൻ ഇടയാകട്ടെ എന്ന് പ്രത്യാശിക്കുന്നു.

★

# ചുവന്ന കോഴിയെ ഓർമ്മിക്കുക

## എഡ്സെൽ. ബി.

ചുവന്ന പിടക്കോഴിയെ നിങ്ങൾക്ക് ഓർമ്മയുണ്ടോ ? ശൈശവപ്രായത്തിൽ പറഞ്ഞു കേൾക്കാറുള്ള കഥയാണെങ്കിലും അത്ര എളുപ്പത്തിൽ മറക്കാറില്ല. കാരണം മനുഷ്യതാൽപര്യം ഉൾക്കൊള്ളുന്ന സത്യം അടങ്ങിയിരിക്കുന്നു. അജ്ഞാതനായ എഴുത്തുകാരൻ, തൻെറ കളത്തിലെ മൃഗങ്ങൾ മനുഷ്യരെ പോലെ പ്രവർത്തിക്കുന്നതായി വിവരിച്ചിരിക്കയാണ്. ചുവന്ന ഒരു പിടക്കോഴി ദിവസവും കഴിക്കുന്ന ഗോതമ്പു ധാന്യം നട്ടു വളർത്തിയാലോ എന്നാലോചിച്ചു. അവൾ ഈ കര്യം, പശു, പന്നി, പൂച്ച, പട്ടി എന്നിവയോടു പറയുകയും സഹായത്തിനായി അപേക്ഷിക്കുകയും ചെയ്തു. ഈ കാര്യത്തിൽ ആർക്ക് എന്നെ സഹായിക്കാൻ കഴിയും എന്ന ചോദ്യത്തിനു എല്ലാവരും ''എനിക്ക് കഴിയുകയില്ല'' എന്ന മറുപടിയാണ് കൊടുത്തതു. കൃഷി ചെയ്യുന്നതിനും, വളർത്തുന്നതിനും, കൊയ്യുന്നതിനും സഹായം അഭ്യർത്ഥിച്ചു. പക്ഷെ നിഷേധാത്മകമായ മറുപടിയാണ് കിട്ടിയതു. ഒടുവിൽ ധാന്യം വിളഞ്ഞു കഴിഞ്ഞപ്പോൾ കൊയ്തെടുത്തു

അപ്പമാക്കി മാററിക്കഴിഞ്ഞ് തൻെറ കൂട്ടുകാരെ സമീപിച്ച്, "ഈ അപ്പം തിന്നുവാനായി എന്നെ സഹായിക്കുവാൻ എത്ര പേർക്കു കഴിയും" എന്ന ചോദ്യത്തിനു എല്ലാവരും പറഞ്ഞു "എനിക്കു കഴിയും" എന്ന്.

പിടക്കോഴി സവധാനത്തിൽ പറഞ്ഞു: നിങ്ങൾ എന്നെ ഗോതമ്പു നടുവാൻ സഹായിച്ചില്ല; അതു വളർത്തുവാൻ സഹായിച്ചില്ല; കൊയ്യുവാനും അപ്പമാക്കുവാനും എല്ലാം പറഞ്ഞപ്പോൾ നിങ്ങൾ ഒഴിഞ്ഞുമാറുകയാണല്ലൊ ചെയ്തതു. അതുകൊണ്ട് "ഇപ്പോൾ അപ്പം തിൻമാനും, നിങ്ങൾ എന്നെ സഹായിക്കേണ്ട "അതു ഞാൻ തന്നെ തിന്നുകൊള്ളാം എന്നു പറഞ്ഞു തിന്നുകയും ചെയ്തു. പ്രവർത്തി ചെയ്യുവാൻ അനേകം ആളുകൾ തയ്യാറാകുന്നില്ല. എന്നാൽ അനുഭവം പററുവാൻ അവർ സന്നദ്ധരാണ് താനും. ഉത്തരവാദിത്വങ്ങൾ തുല്യമായി ഓരോരുത്തരും പങ്കിട്ട് ചെയ്യുമ്പോഴാണ് അതിൻെറ ഫലത്തിലും ഓഹരി ആസ്വദിക്കാൻ കഴിയുന്നതു. കർത്താവിൻെറ സഭയിലെ ജോലികൾ, സുവിശേഷപ്രവർത്തനങ്ങൾ എന്നിവ എല്ലാവരും യോജിച്ച് ചെയ്താലുണ്ടാകുന്ന വിജയത്തെ കുറിച്ച് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ ? ഒരു ക്രിസ്ത്യാനിക്ക് തൻെറ ജീവിതത്തിൽ സംതൃപ്തിയും സന്തോഷവും കൈവരിക്കുവാൻ കഴിയുന്നതു, അയാൾ കർത്താവിൻെറ സഭയിലെ തൻെറ ഉത്തരവാദിത്വങ്ങൾ നിറവേററുമ്പോഴാണ്.

ക്രിസ്ത്യാനിത്വം എന്നു പറയുന്നതു മരുഭൂമിയിലെ ശബ്ദമല്ല; മറിച്ച് ലോകത്തിലെ ജീവിതമാണ്. അതു വായുവിലെ ആശയമല്ല; പിന്നെയോ ദൈവവഴിയിൽ നടക്കുന്ന തറയിലെ കാലടികളാണ്. അതു കണ്ണാടിക്കൂട്ടിന്നുള്ളിൽ സൂക്ഷിക്കേണ്ട വിചിത്രമായ ഒന്നല്ല. പക്ഷെ പ്രതികൂലമായ സാഹചര്യങ്ങളെ ചെറുത്തു നിൽപാൻ ശക്തിയുള്ളതും ഏതു കാലാവസ്ഥയിലും 12 മാസവും ഫലം പുറപ്പെടുവിക്കാൻ കഴിവുള്ളതും ആയ ഒന്നാണ്. അതിൻെറ വേരും കൊമ്പും എല്ലാം ആത്മാർത്ഥതയോടെ

യുള്ള കർത്തവ്യനിർവ്വഹണമാണ്. അവന്റെ വ്യക്തമായ ഹിതം പ്രവർത്തിക്കാതെ ദൈവത്തോടു നമുക്ക് ഒന്നും പറയുവാൻ സാദ്ധ്യമല്ല; അപേക്ഷിപ്പാനോ അവനെ വിളിപ്പാനോ നമുക്ക് അങ്ങനെയായാൽ അർഹത കാണുകയില്ല. അവന്റെ അനുഗ്രഹത്തിനായി നാം പലപ്പോഴും ദൈവമേ, ദൈവമേ എന്നു വിളിക്കുന്നുണ്ടാകാം. പക്ഷേ അവൻ ചെയ്യുവാൻ പറഞ്ഞിരിക്കുന്ന കടമകൾ എത്രമാത്രം ബാക്കിയുണ്ട് ? വിട്ടുപോയിട്ടുള്ളതു എന്താണ് ? ഞായറാഴ്ച അവന്റെ മേശയിൽ നിന്നു ഭക്ഷണം കഴിക്കുവാൻ മാത്രം നാം വരുന്നവരാണോ ? അവന്റെ രാജ്യത്തിൽ എത്രമാത്രം ജോലികൾ ചെയ്യാൻ ബാക്കിയുണ്ട് എന്നു നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ ? അതു ആർക്കുവേണ്ടിയാണ് നിങ്ങൾ നീക്കിവെച്ചിരിക്കുന്നത് ? അവന്റെ മേശയിൽ നാം അവനെ ഓർമ്മിക്കുകയും മററു സമയങ്ങളിൽ നാം ദൈവത്തെ മറന്നുകളകയുമാണോ ? നിങ്ങൾ സകല സൽപ്രവൃത്തിയിലും മുതിർന്നു വരുവിൻ.

വേല ചെയ്യുവാൻ മടിയുള്ളവർ തിന്നുകയുമരുതു. അദ്ധ്വാനിക്കാതെ ആഹാരം കഴിക്കണമെന്നു ആഗ്രഹിക്കുന്നതു ഉചിതമല്ല. ഏതൊരു കർഷകനും ജോലി ചെയ്യാതെ ഇരുന്നാൽ ഫലമൊന്നും കിട്ടുകയില്ല എന്നറിയാം. ആത്മീയമായി ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാതെ അതിനുപകരം ചെയ്യരുതാത്തതു ചെയ്യുന്നവരുമുണ്ട്. ഇവരും ദൈവത്തിൽ നിന്നും നന്മ മാത്രം പ്രതീക്ഷിക്കുകയാണ്. പക്ഷേ ദൈവം അതിന് എങ്ങനെ അനുകൂലമായി മറുപടി നൽകും? ആരംഭം മുതൽ അവസാനം വരെ കൃത്യമായി ചുമതലകൾ നിർവ്വഹിക്കുന്നവർക്കു ദൈവം പ്രതിഫലം നൽകും, അല്ലാത്തവർക്കു ഫലമൊന്നും നൽകുകയില്ല; ഓർമ്മിക്കുക.

★

# അനുഗ്രഹിക്കപ്പെട്ട ജീവിതം

## പിയേഴ്സ് ബ്രൌൺ

നിരവധി കുഴപ്പങ്ങൾക്കിരയായവനായിരുന്നു ദാവീദെങ്കിലും അവൻ മഹത്തായ വിശ്വാസമുള്ളവനായിരുന്നു. തന്നിമിത്തം അവൻ ദൈവത്തിന്റെ ഹൃദയത്തിനു ബോധിച്ചവനുമായിരുന്നു. ദൈവപൈതലായിതീരുന്ന ഏതൊരാൾക്കും വിശ്വാസജീവിതത്തിന്റെ മിന്നുന്ന മഹത്വങ്ങൾ, അവരുടെ സ്വഭാവ വിശേഷതകൾ എന്നിവ സങ്കീർത്തനം 31-ാം അദ്ധ്യായത്തിൽ നാം വായിക്കുന്നുണ്ട്. അപ്രകാരമുള്ള വിശ്വാസജീവിതം നയിക്കുന്നവരാണ് വാസ്തവത്തിൽ ഭാഗ്യവാൻമാർ.

ആദ്യത്തെ വാക്യത്തിൽ തന്നെ ആശാവഹമായ വിശ്വാസത്തെ പ്രകടമാക്കിയിരിക്കുന്നു "യഹോവേ, ഞാൻ നിന്നെ ശരണം പ്രാപിക്കുന്നു." പൂർണ്ണ ഹൃദയത്തോടെ യഹോവയിൽ ആശ്രയിക്ക; സ്വന്ത വിവേകത്തിൽ ഊന്നരുതു. നിന്റെ എല്ലാ വഴികളിലും അവനെ നിനെച്ചുകൊൾക; അവൻ നിന്റെ പാതകളെ നേരെയാക്കും." (സദൃശ്യവാക്യങ്ങൾ 3:5-6). ഇവിടെ ശലോമോൻ ഉപദേഷ്ടാക്കൻമാർക്കു ഉദ്ധരിക്കുവാൻ ഒരു പ്രസ്താവന നൽകുകയല്ല; അനുഗ്രഹം ലഭിക്കുന്ന ഒരു ജീവിതം എപ്രകാരമുള്ളതാണ് എന്ന് എടുത്തു കാണിക്കുകയാണ്. അതു അടിസ്ഥാനപരമായ തത്വവുമാണ്. കർത്താവു പറഞ്ഞ എല്ലാ കാര്യങ്ങളിലും പൂർണ്ണമായ ആശ്രയം ആവശ്യമാണ്. നാം ചെയ്യുന്നതിനു മാത്രമല്ല ദൈവത്തിനും പ്രവർത്തിക്കേണ്ടതിന്നത്രേ പറഞ്ഞിരിക്കുന്നതു. നാം ദൈവത്തിൽ വിശ്വാസം അർപ്പിക്കുമ്പോൾ ദൈവമക്കളാകുവാനുള്ള അവകാശം മാത്രമല്ല നമുക്കു തരുന്നതു. പിന്നെയോ സന്തോഷജനകമായ, ഉപയോഗപ്രദമായ, അനുഗ്രഹപ്രദമായ ദൈവമക്കളാകുവാനും നമുക്കു കഴിയുന്നു (യോഹന്നാൻ 1:11-12). ഇതിന്റെ അടിസ്ഥാനത്തേയും

ഫലത്തേയും രണ്ടും മൂന്നും വാക്യങ്ങളിൽ നാം കാണുന്നു. "നിന്റെ ചെവി എങ്കലേക്കു ചായിച്ചു എന്നെ വേഗം വിടുവിക്കേണമേ; നീ എനിക്കു ഉറപ്പുള്ള പാറയായും എന്നെ രക്ഷിക്കേണ്ടതിനു കോട്ടയായും ഇരിക്കേണമേ; നീ എന്റെ പാറയും കോട്ടയും അല്ലൊ. നിന്റെ നാമം നിമിത്തം എന്നെ നടത്തി പാലിക്കേണമേ" പാറ ശക്തിയെ പരാമർശിക്കുന്നു; കോട്ട സുരക്ഷിതത്വത്തെയും. മാററമില്ലാത്ത ഒരു ശക്തിക്കും തോൽപിക്കാൻ പററാത്ത സുരക്ഷിതത്വമാണ് ദൈവം തന്നിൽ ആശ്രയിക്കുന്നവർക്കു കൊടുക്കുന്നതു.

ദൈവം ആയിരിക്കുന്ന അവസ്ഥയിൽ പിന്നെ അങ്ങനെ ആകേണമെ എന്ന് അപേക്ഷിക്കുന്നതു എന്തിന് ? ആ അറിവ് നമുക്കു കൂടുതൽ ആശ്വാസവും വിലയും നൽകുന്നു. അവൻ വ്യക്തിപരമായി ഇരിക്കുന്ന ആ രീതി നമ്മോടുള്ള ബന്ധത്തിൽ ആകേണ്ടിയിരിക്കുന്നു. ഉദാഹരണമായി അവൻ രാജാധി രാജാവും കർത്താധികർത്താവുമാണ്. അവൻ നിങ്ങളുടെ രാജാവും കർത്താവും ആണോ? അവന്റെ അധികാരത്തിൽ എല്ലാ കാര്യത്തിലും കീഴ്പ്പെട്ട് നിങ്ങൾ അവന്റെ രാജ്യത്തിൽ ആയി തീർന്നിട്ടുണ്ടോ? നിങ്ങൾ കർത്താവിന്റെ വഴിയിലാണോ സഞ്ചരിക്കുന്നത് ? അതോ മററു മനുഷ്യർ നിങ്ങൾക്കു കാണിച്ചു തന്ന വഴിയിലാണോ ? നിങ്ങൾ കർത്താവിന്റെ ചിന്ത എന്തെന്നു മനസിലാക്കാൻ ശ്രമിച്ചിട്ടുണ്ടോ ? അതോ നിങ്ങളുടെ നിരൂപണങ്ങളിൽ നിങ്ങൾ തൃപ്തനാണോ ? കർത്താവ് ലോകത്തിന്റെ രക്ഷിതാവാണ് ക്രിസ്തു നിങ്ങളുടെ രക്ഷിതാവായി നിങ്ങൾ കരുതുന്നുണ്ടോ ? യേശുക്രിസ്തുവിനെ നിങ്ങളുടെ കർത്താവും രക്ഷിതാവുമായി നിങ്ങൾ പൂർണ്ണമായി സ്വീകരിക്കുന്ന സമയത്തോളം അവൻ നിങ്ങളിൽ പ്രവർത്തിക്കുന്നില്ല. ഞാൻ ലോകത്തിന്റെ ഒഴുക്കിൽപ്പെട്ട് ഇല്ലാതാകേണ്ടതിന്നല്ല കർത്താവ് എനിക്കുവേണ്ടി മരിച്ചതു. ക്രിസ്തുവാകുന്ന പാറയിൽ നിന്നു കുടിച്ചു ദാഹം തീർത്താലേ എനിക്കു വീണ്ടും ദാഹിക്കാതിരിക്കൂ.

"നിൻെറ കയ്യിൽ ഞാൻ എൻെറ ആത്മാവിനെ ഭരമേൽപ്പിക്കുന്നു "എന്ന് അഞ്ചാം വാക്യത്തിൽ നാം വായിക്കുന്നു. യേശുവിൻെറ ജീവിതത്തിൽ ഒക്കെയും തൻെറ മനോഭാവം അതായിരുന്നു. അന്ത്യസമയത്തു യേശു പറഞ്ഞതും ഇതു തന്നെയായിരുന്നു. നാമും ജീവിച്ചിരിക്കുമ്പോഴും മരിക്കുന്ന സമയത്തും നമ്മുടെ ആത്മാക്കളെ ദൈവകരങ്ങളിൽ ഭരമേൽപ്പിക്കണം. ശാരീരിക ജീവിതത്തിൽ ദൈവവചനം സ്നേഹിച്ച്, അതു ഭക്ഷിച്ച്, ആ വചനത്താൽ ജീവിക്കുകയാണെങ്കിൽ നമുക്കു വിഷമിക്കേണ്ടിവരികയില്ല. ഭൗതികമായ മരണത്തിൽ ആത്മാവിനെ എന്നേക്കും ദൈവത്തോടുകൂടെ വസിക്കുവാൻ അനുവദിക്കേണ്ടതു നാം തന്നെയാണ്. പ്രത്യാശയുള്ള ജീവിതം നയിക്കുവാൻ ധൈര്യപൂർവ്വമായ സമീപനം ആവശ്യമാണ്. ദൈനന്ദിനജീവിതത്തിൽ ദൈവത്തിന് ഓരോരുത്തരും തങ്ങളെ തന്നെ സമർപ്പിക്കുകയാണെങ്കിൽ ഒടുവിൽ പ്രയാസമുണ്ടാവുകയില്ല. മനസ്സൊരുക്കവും ഹൃദയദൈർഘ്യവും ഉള്ളവർക്കേ അതിനു കഴിയൂ. ദൈവത്തെ അവൻെറ പരിജ്ഞാനത്തിൽ സ്വീകരിക്കുന്നവർക്കേ അതിനുള്ള പക്വത ലഭിക്കയുള്ളൂ. അങ്ങനെയുള്ള തീരുമാനം എടുക്കുവാനും അതിൽ ഉറച്ചു നിൽക്കുവാനും കരുത്തു വേണം.

ഈ അനുഗ്രഹിക്കപ്പെട്ട ജീവിതം സമർപ്പണത്തേയും ആശ്രയത്തേയും ആസ്പദമാക്കിയിരിക്കുന്നു. അതു സന്തോഷവും പ്രമോദവും ഉള്ളതാകുന്നു. 7 ഉം 8 ഉം വാക്യങ്ങളിൽ ദൈവത്തിൻ കരുണയിൽ ആനന്ദിക്കാൻ നമുക്കു കഴിയണം എന്നു പറയുന്നു. നമ്മുടെ പ്രതികൂലസാഹചര്യങ്ങളിൽ, വിഷമ പ്രശ്നങ്ങളിൽ ദൈവത്തിൻെറ തുണ ആവശ്യമുണ്ട്, ശത്രുക്കളുടെ കയ്യിൽ നാം അകപ്പെടാതവണ്ണം ദൈവം നമ്മെ കാത്തുകൊള്ളും. ദാവീദ് ദൈവത്തിൽ നിന്നു അനുഭവിച്ച് കണ്ടെത്തിയ നാലു കാര്യങ്ങളെക്കുറിച്ച് നാം അറിവുള്ളവരാകണം. ദൈവജനത്തിന് ഒരിക്കൽ പോരാട്ടം നേരിടേണ്ടിവരും. "സഹോദരൻമാരേ, നിങ്ങൾ വിവിധ പരീക്ഷകളിൽ അക

പ്പെടുമ്പോൾ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന സ്ഥിരത ഉളവാക്കുന്നു എന്ന് അറിഞ്ഞു അതു അശേഷം സന്തോഷം എന്നു എണ്ണുവിൻ'' (യാക്കോബ് 1:2-3). അവ യെന്തു തന്നെയായാലും അതെല്ലാം എത്ര നീണ്ടുനിൽക്കു മെന്നും അതു നമ്മുടെ നന്മക്കായി എങ്ങനെ രൂപാന്തരപ്പെടു ത്തും എന്നറിയുന്നവൻ ഒരാൾ മാത്രം; അതു ദൈവമാണ്. നമ്മുടെ വിഷമങ്ങളിൽ സന്തോഷിക്കാൻ കഴിയണമെങ്കിൽ ദൈവം നമ്മോടൊപ്പമുണ്ടെന്നുള്ള തിരിച്ചറിയൽ ഉണ്ടാകണം. ''എന്റെ കാലുകളെ നീ വിശാല സ്ഥലത്തു നിർത്തിയിരി ക്കുന്നു എന്നാണ് ദാവീദ് പറഞ്ഞിരിക്കുന്നതു.

പലരും പാപം ചെയ്തു നന്മകൾ നഷ്ടപ്പെടുത്തു മ്പോൾ അവർ വിട്ടുകളയുന്നതിന്റെ നഷ്ടം എത്രമാത്രം വലുതാണെന്ന് അപ്പോഴൊന്നും അവർ മനസിലാക്കുകയില്ല. മനുഷ്യപുത്രൻ സ്വതന്ത്രരാക്കിയാൽ മാത്രമെ നിങ്ങൾ സാ ക്ഷാൽ സ്വതന്ത്രരാകുന്നുള്ളു (യോഹന്നാൻ 8:36). അധി കാരത്തിന് അതീതമായ സ്വാതന്ത്ര്യമല്ല ദൈവം നമുക്കു തരുന്നതു. അധികാരത്തിനു കീഴ്പ്പെടുന്ന സ്വാതന്ത്ര്യമാ ണ്. സത്യം അനുസരിക്കുകയും പഠിപ്പിക്കുകയും ചെയ്യു വാനുള്ള ഒരു അവസരമാണ് ലഭിക്കുന്നതു. അഥവാ സൽ പ്രവൃത്തികൾ ചെയ്യുവാനും, അതു പ്രകടിപ്പിക്കുവാനും ഉള്ള സ്വാതന്ത്ര്യം നമുക്കു ദൈവം തരുന്നുണ്ട്.

ഉപകരണങ്ങൾ ദൈവം ഇഷ്ടപ്പെടാത്തതുകൊണ്ടാണ് പുതിയ നിയമാരാധനയിൽ ഉപകരണങ്ങൾ ഉപയോഗിക്കാ ത്തതു എന്നു ഞാൻ കരുതുന്നില്ല. യേശുക്രിസ്തുവിന്റെ അധികാരത്തിൽ നാം അതു കാണുന്നില്ല. അല്ലെങ്കിൽ പുതിയ നിയമ പുസ്തകങ്ങളിൽ ആദിമ ക്രിസ്ത്യാനികൾ അതൊ ന്നും ഇഷ്ടപ്പെടാത്തതുകൊണ്ടല്ല; മറിച്ച് അവർക്കു നൽക പ്പെട്ട അധികാര സ്വാതന്ത്ര്യങ്ങളിൽ അതു നൽകപ്പെട്ടിട്ടില്ല എന്നതാണ്. അനുഗ്രഹം ലഭിക്കേണ്ട ഒരു ജീവിതം നയിക്കുക.

★

സ്ത്രീകൾക്കുവേണ്ടി:

# ക്ഷാമമദ്ധ്യേ-അവശേഷിപ്പിക്കൽ ധാരാളം

ബെററി B. C

നല്ലതോ മനസ്സിലാക്കാൻ പററാത്തതോ ആയ തുല്യമല്ലായ്മ ലോകത്തിൽ പലയിടത്തും പലപ്പോഴായി ധാരാളം കാണപ്പെടുന്നതായി നമുക്കു തോന്നാം. ദേശങ്ങളെ സംബന്ധിച്ച് ഇതു വാസ്തവമാണ്. ചിലർ ധനവാൻമാരായി കാണുമ്പോൾ മററു ചിലർ ദരിദ്രൻമാരായി കാണപ്പെടുന്നു. അതു കുടുംബങ്ങളായാലും വ്യക്തികളായാലും ശരിയാണ്. ജീവിക്കുവാൻ വേണ്ടതിലധികം ഉള്ളവർ ജീവിക്കുന്നതിനടുത്തു തന്നെ നില നിൽപിനു തന്നെ ഒന്നുമില്ലാതെ ക്ലേശിക്കുന്നവർ കഴിയുന്നു. വന്മാളികയുടെ പരിസരത്തു നിൽക്കുന്ന ചെററക്കുടിൽ നിങ്ങൾ കണ്ടിരിക്കുകയില്ലേ?

ഒരു സമ്പൽ സമൃദ്ധമായ രാഷ്ട്രത്തിൽ ഇതിനെ നോക്കി ഈ അവശേഷിപ്പിക്കുന്ന രീതിയെ ഖണ്ഡിക്കുവാൻ എത്ര എളുപ്പമാണ്. ഈ അവശേഷിപ്പിക്കൽ അന്യദേശത്തുള്ള പ്രതിഭാസമായി കാണരുതു. നമ്മുടെ ഇടയിൽ നമ്മെ ബാധിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രവണതയാണ് എന്നും നാം ഓർമ്മിക്കണം. നാം എന്തുമാത്രം ഓരോന്നു വാങ്ങിക്കൂട്ടി അവശേഷിപ്പിക്കുന്നുണ്ട്. അതു പ്രയോജനമുള്ളവർക്കു പങ്കിടുവാനുള്ള സമീപനം ഉണ്ടാകുന്നില്ലല്ലോ.

ജലക്ഷാമം രൂക്ഷമാകുമ്പോൾ ഏതാനും തുള്ളി വെള്ളത്തിനു ജീവനോളം വിലയുള്ളതായി കരുതുന്നു. കിണററിൽ നിന്നാകട്ടെ പൈപ്പുകളിൽ നിന്നാകട്ടെ ജലം സമൃദ്ധമായി കിട്ടുമ്പോൾ ശുചീകരണത്തിനും, തുണികൾ കഴുകാ

നും, പാത്രങ്ങൾ കഴുകാനും മററും പൈപ്പുകൾ നല്ലതു പോലെ തുറന്നു പരമാവധി വെള്ളം ഒഴുകിക്കൊണ്ടിരിക്കും. പാത്രങ്ങൾ നിറഞ്ഞു കവിഞ്ഞ് ഒഴുകിക്കൊണ്ടിരിക്കും. പൈപ്പു തുറന്നു വിട്ടിട്ട് വേറെ ജോലിക്കായി പോകുന്നവരുണ്ട്. വരുമ്പോഴേക്കും വെള്ളം എത്രമാത്രം വെറുതെ കളഞ്ഞുവെന്ന് അറിയാമോ? ആവശ്യത്തിനുമാത്രം വെള്ളം വരത്തക്ക വിധത്തിൽ ടാപ്പുകൾ തുറക്കുകയും ആവശ്യം കഴിഞ്ഞാൽ അടച്ചശേഷം മാത്രം മററു ജോലിയിലേക്കു തിരിഞ്ഞാൽ അതെത്ര മാന്യമായിരിക്കും അല്ലേ?

ചിലപ്പോൾ ടാപ്പുകൾ കേടുവന്ന് പൊട്ടുകയോ മററോ ചെയ്തു വെള്ളം ഒഴുകിക്കൊണ്ടിരിക്കെ നന്നാക്കാതെ, ശ്രദ്ധിക്കാതെ എത്ര പരത്രം ജലം പാഴാക്കി കളയുന്നു? പല ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കേണ്ട ഈ വെള്ളം ഉപയോഗമില്ലാതാക്കി മാററുമ്പോൾ നാം ചെയ്യുന്ന കുററം എത്ര വലുതാണ് എന്നു ചിന്തിക്കാറുണ്ടോ? ചില ആളുകൾ അക്ഷരികമായി ദാഹിച്ച് വെള്ളം കിട്ടാതെ മരിക്കുമ്പോൾ, വിലപ്പെട്ട ദാനമായ വെള്ളം സമൃദ്ധമായി കിട്ടുന്നവർ പാഴാക്കി കളയുന്നതു, അങ്ങനെ നാം മനസിലാക്കുമ്പോഴാണ് ഈ കുററകരമായ അനാസ്ഥയുടെ ഗൗരവം തിരിച്ചറിയുന്നതു.

ഒരു നേരത്തെ ആഹാരത്തിനായി വിശന്നു പൊരിയുന്നവർ ഒരു ഭാഗത്തും മറു ഭാഗത്തു വീടുകളിൽ മാതാപിതാക്കൾ കുട്ടികളെ ആഹാരം കൊണ്ടു മൂടുന്നു. സമൃദ്ധിയും ഇല്ലായ്മയുമാണ് ഇവിടെ നാം കാണുന്നതു. തല്ലി തീററുന്ന രംഗങ്ങൾ പോലും ചില സ്ഥലത്തു നിങ്ങൾ കണ്ടിരിക്കയില്ലേ? കുട്ടികളുടെ ഇഷ്ടത്തിനൊത്തു ആഹാരപദാർത്ഥങ്ങൾ തിരഞ്ഞെടുത്തുകൊണ്ടു വന്നു കുട്ടികൾക്കു കൊടുക്കുന്നവരുണ്ട്. കൊച്ചു കുട്ടികൾക്കു അമ്മമാർ സ്പൂണിലും മററും മതിയാവോളം വാരിക്കോരി കൊടുക്കുന്നതു കാണാം. അതേ സമയത്തു ചില കുട്ടികൾ വിശപ്പടക്കാൻ കരഞ്ഞുകൊണ്ടിരിക്കും. അവരുടെ മാതാപിതാക്കൾ അവർക്കു

എന്തെങ്കിലും കൊടുക്കാൻ കിട്ടിയെങ്കിൽ എന്നു വിചാരിച്ചു വിഷമിച്ചിരിക്കയാണ്. പ്ലെയിററ് നിറച്ച് ആഹാരം വിളമ്പിവെച്ച് എല്ലാം കഴിക്കുവാൻ അപേക്ഷിക്കുന്ന അമ്മമാരുണ്ട്. ചിലപ്പോൾ അവർക്കു കൊടുക്കുന്നതിൽ പകുതിയോളം അവർ അവശേഷിപ്പിക്കും. അതു അവസാനം പുറത്തു കളഞ്ഞേക്കും. രക്ഷകർത്താക്കൾ അങ്ങനെ ചെയ്യരുതു; അങ്ങനെ മാതാപിതാക്കൾ ചെയ്താൽ അവർ തങ്ങളുടെ കുട്ടികളെ കേടു വരുത്തുവാനും, പാഴാക്കാനും പഠിപ്പിക്കുകയാവും ചെയ്യുക. ചുരുങ്ങിയ അളവിൽ ആദ്യം നൽകുകയും പിന്നീട് ആവശ്യത്തിന് വിളമ്പുകയും ചെയ്യുന്നതു പാഴാക്കുന്നതിനേക്കാൾ എത്രയോ നല്ലതാണ്.

മാതാപിതാക്കളുടെ പ്രതീക്ഷക്കൊത്തു കുട്ടികൾ ആഹാരം കഴിക്കാതെ വരുമ്പോഴാണു അവരെ നിർബ്ബന്ധിക്കുന്നതു. ഇത്തരം നിർബ്ബന്ധങ്ങൾ ഏറിയാലും അവർക്കു കഴിക്കുവാൻ പററുന്നതല്ലേ കഴിക്കൂ. അവരുടെ വയററിൽ കൊള്ളാവുന്നതല്ലേ അവർക്കു ഭക്ഷിക്കാനാകൂ എന്ന ചിന്തയാണ് ഇവിടെ വേണ്ടതു. അമിതമായ ഭക്ഷണം കഴിക്കുന്നതു രോഗങ്ങൾക്കുപോലും കാരണമാകും എന്ന ഓർമ്മയും ഉണ്ടാകണം. വെളുക്കാൻ തേച്ചതുപാണ്ടായി എന്നു പറയുന്നതു പോലെയാകും അതു. ഭക്ഷണം അടിച്ചേൽപിക്കലും അതിന്റെ അനന്തരഫലവും ഓരോരുത്തരും തിരിച്ചറിയണം.

ഞങ്ങൾ വീട്ടിൽ കുട്ടികളായിരുന്നപ്പോഴുള്ള നിയമം: "നിന്റെ പ്ലെയിററിൽ ഉള്ളതെല്ലാം നിന്റേതാണ്. നീ അതു തിന്നണം". ആ രീതിയിലുള്ള വർഷങ്ങളായുള്ള പരിശീലനത്തിനുശേഷം പ്രായപൂർത്തിയായ ശേഷവും അതു പ്രമാണിക്കുവാൻ സ്വാഭാവികമായി യാതൊരു പ്രയാസവും നേരിടാറില്ല. പഴഞ്ചൊല്ല് പറയാറുള്ളതു ഞാൻ ഓർമ്മിക്കാറുണ്ട്. "അവന്റെ വയറിനേക്കാൾ വലുതാണ് കണ്ണുകൾ". അതിൽ കുററമുള്ളവളാകാൻ എനിക്കു താൽപര്യമില്ല. പൊതുപ്രയോജനത്തിനും സ്വന്തം ജീവിതത്തിനും ഇതു

ഗുണകരമാണ് എന്നതിൽ തർക്കമില്ല. ദാരിദ്ര്യം അനുഭവിക്കുന്നവരെ കൂടെ നാം പരിഗണനക്കെടുക്കണം.

മറെറാരു തരത്തിലുള്ള പാഴാക്കൽ ഒഴിവാക്കാവുന്നതാണ്. കുട്ടികൾ ചിലപ്പോൾ അവരുടെ വസ്ത്രം മൂന്നും നാലും പ്രാവശ്യം മാറിമാറി ധരിക്കുന്നതു കണ്ടിട്ടില്ലേ? അവരുടെ ഈ പ്രവൃത്തി തടഞ്ഞില്ലെങ്കിൽ തങ്ങളുടെ അമ്മമാരുടെ അനാവശ്യ ജോലി വർദ്ധിച്ചുകൊണ്ടിരിക്കും. നമ്മുടെ കുട്ടികൾ വൃത്തിഹീനമായ വസ്ത്രങ്ങൾ ധരിക്കാതെ വൃത്തിയും വെടിപ്പും ഉള്ള വസ്ത്രങ്ങൾ ധരിക്കണം എന്നതു ശരി തന്നെ. അതോടൊപ്പം അവർ, അവരുടെ മാതാവിൻെറ ബുദ്ധിമുട്ട് മനസിലാക്കുന്നവരായിരിക്കണം; പാഴാകുന്ന സമയം, ശുചീകരണ വസ്തുക്കൾ എന്നിവയും കണക്കിലെടുക്കണം. എൻെറ കുട്ടികളോടു ഞാൻ പലപ്പോഴും രസാവഹമായ ഒന്ന് പറയാറുണ്ട്, എന്നാൽ അതിൽ സത്യവും അടങ്ങിയിട്ടുണ്ട്." നിങ്ങൾക്കു ഒരേ ഒരു അമ്മ മാത്രമാണുള്ളതു.

ചെറുതും വലുതുമായ പാഴാക്കൽ, അതെന്തു തന്നെയായാലും ക്രിസ്തീയ ഭവനങ്ങളിൽ നാം അതു ഒഴിവാക്കണം. ആവശ്യത്തിനുവേണ്ടി ഉപയോഗിക്കണം. അതിനപ്പുറമായി ഒന്നും എടുക്കരുതു. രക്ഷിതാക്കൾ കുട്ടികളെ പരിശീലിപ്പിക്കുമ്പോൾ ഇതു ശ്രദ്ധിക്കണം. പാപസംബന്ധമായ ഇത്തരം ദുശ്ശീലങ്ങളിൽ നിന്നു അവരെ സൂക്ഷിക്കണം. അതേ സമയം മാതാപിതാക്കൾ കുട്ടികൾക്കു അവശേഷിപ്പിക്കാത്ത മാതൃകയും കാണിച്ചു കൊടുക്കണം. അങ്ങനെ നാം ചെയ്താൽ വർദ്ധിച്ചുവരുന്ന ക്ഷാമത്തിൻെറ വ്യാപ്തി കുറക്കുവാൻ നമുക്കു കഴിയും.

★

# സാമൂഹിക സേവനം പ്രേഷിത പ്രവർത്തനത്തിലൂടെ

**കളത്തുകാൽ രാജദാസ്**

ക്രൈസ്തവർ ഒന്നാകണമെന്നും ക്രൈസ്തവ ഐക്യത്തിലേക്കാണു നാം നീങ്ങുന്നതെന്നും ഈയിടെ ചില മതമേലദ്ധ്യക്ഷൻമാർ ഹൃദയാവർജ്ജകമായ ശൈലിയിൽ പ്രസ്താവിക്കയുണ്ടായി. ആരൊക്കെ, എങ്ങനെ, എപ്പോൾ ഒന്നാകണമെന്ന് ഇക്കൂട്ടർ പ്രതിപാദിച്ചില്ല. "രണ്ടാം തരം ക്രിസ്ത്യാനി സൃഷ്ടിശക്തിയിലൂടെ ശിഥിലീകരണം സംഭവിച്ചു നിൽക്കുന്നു. ഒരു വിഭാഗം ദലിത് ക്രൈസ്തവരെ മനഃപൂർവ്വം ഒഴിവാക്കിക്കൊണ്ടു ക്രിസ്ത്യൻ മത ഐക്യത്തെപ്പറ്റി പറയുവാനുള്ള ധാർമ്മിക യോഗ്യത ഇക്കൂട്ടർ അർഹിക്കുന്നുവോ ?

ദളിത് ക്രൈസ്തവർക്കും സാംസ്കാരിക പുരോഗതിയും സാമൂഹിക തുല്യത (Equality) യും വേണമെന്നാവശ്യപ്പെട്ടുകൊണ്ടു ലക്ഷോപലക്ഷം ദളിത് ക്രൈസ്തവരെ അണി നിരത്തിയും അദമ്യമായ ആവേശത്തോടെ മാറിടം പിളർക്കെ മുറവിളിക്കുന്നു. സവർണ്ണക്രിസ്ത്യാനികളുടെ ഭൂമിയിലെ കാണപ്പെട്ട ദൈവപ്രതിനിധികൾ. ദളിത് ക്രൈസ്തവരുടെ ഐശ്വര്യപൂർണ്ണമായ ജീവിതത്തിന്റെ ഉയർച്ചയ്ക്കും മോചനത്തിനും വേണ്ടി പുരോഹിതരും പ്രൊട്ടസ്റ്റന്റ് ദീർഘദർശിമാരും തെരുവുതീരത്തു ശക്തമായ പ്രക്ഷോഭങ്ങൾ, ധർണ്ണകൾ, ഉപവാസങ്ങൾ ആദിയായ കാര്യങ്ങൾ സജീവമായി ക്രമീകരിക്കുന്നു. ഭൗതികമായ ഈ സാമൂഹിക സേവന-മഹായത്നം നല്ലൊരു കാര്യമാണ്. എന്നാൽ ദളിത് ക്രൈസ്തവർക്കു മതസംഘടനയിൽ നിന്ന് മതതുല്യത നൽകുന്നുണ്ടോ ? ദളിത് വിഭാഗങ്ങൾക്കു പുരോഹിതപഥത്തിലോ ? മതമേലദ്ധ്യക്ഷ ശൃംഖലയിൽ നേതൃ

ത്വമോ? പങ്കാളിത്തമോ? കൊടുക്കുന്നുണ്ടോ? പിന്നെയാണോ സാമൂഹിക സമത്വത്തിനുവേണ്ടിയുള്ള ഈ കോലാഹലവും മുറവിളികളും?

നീതിപൂർണ്ണവും ശ്രേഷ്ഠവും ശോഭനപരവുമായ ആത്മീയ കൂട്ടായ്മയിൽ നിന്ന് ദളിത് വിഭാഗങ്ങളെ ഒറ്റപ്പെടുത്തിക്കൊണ്ടു കേവലമൊരു ഭൗതിക ക്ഷേമത്തിനായി പ്രവർത്തിക്കുന്നത് ന്യായീകരിക്കാമോ? കാലാകാലങ്ങളിൽ കടുത്ത മണലാരണ്യ കൺവെൻഷനുകളിലും വിശാലമണിമന്ദിരങ്ങളിലും; ആത്മീയ പോരാട്ടമെന്നും, ആസന്നപോരാട്ടമെന്നൊക്കെ പരസ്യക്കുറിപ്പുകൾ വിതരണം ചെയ്തുകൊണ്ട് യോഗങ്ങൾ നടത്താറുണ്ടു. എന്നാൽ ഈ പോരാടലുകൾ ആർക്കുവേണ്ടി?

ദൈവത്തിന്റെ മുന്നിൽ ദൈവമക്കൾ തുല്യരാണെന്ന് തിരുവചനം പഠിപ്പിക്കുമ്പോൾ- മറുഭാഗത്ത് വർണ്ണവർഗ്ഗവിവേചനത്തിന്റെ പേരിൽ അഥവാ ഗോത്രത്തിന്റെ പേരിൽ ഒരു വിഭാഗത്തെ അവഗണിച്ചു പോരികയാണ്. മതസംഘടനയിലൂടെ ദളിത് വിഭാഗങ്ങൾ ആദ്ധ്യാത്മിക അസമത്വം അനുഭവിക്കുന്നു. ഇതു നീതിയാണോ? മതിയായ ആത്മീയ തുല്യതയും തിരുവചന ഉപദേശവും ദൈവികവിധേയത്വത്തിലൂടെ ഇക്കൂട്ടർ—അർഹിക്കുന്നു. ഇത്തരം പല രീതികളും ചിന്താഗതികളും വ്യക്തമായി ഇന്നു അവതരിക്കേണ്ടതാവശ്യമാണ്. ഈ ആധുനികകാലത്തും യേശുക്രിസ്തുവിന്റെ നാമധേയത്തിൽ വ്യവസായങ്ങളും ബാങ്കുകളും, സ്കൂളുകളും, ഒക്കെ നടക്കുന്നു. ക്രൈസ്റ്റ് റബർ ഏജൻസിയെന്നും ക്രൈസ്റ്റ് ഫിഷറീസ് കോർപ്പറേഷൻ സൊസൈറ്റി എന്നുമൊക്കെ അറിയപ്പെടുന്നു. ഇനി കാലഭേദങ്ങൾ വരുമ്പോൾ ക്രൈസ്റ്റ് ബാറുകളും പിന്നെ ചെറിയ പൊടിക്കൈകളും നടത്തുന്ന സ്ഥാപനങ്ങൾ വരില്ലാ എന്ന് ആരു കണ്ടു? മനുഷ്യസേവനം ഭക്തിയെപ്പോലെ തന്നെ പ്രധാനമാണ്. ഭക്തിയില്ലാത്ത ജീവിതവും അർത്ഥശൂന്യമാണ്.

കർത്താവായ യേശുക്രിസ്തു പറഞ്ഞു: നിന്നെപ്പോലെ തന്നെ നിൻെറ അയൽക്കാരനെ സ്നേഹിക്കണമെന്ന്. നാം ഒരാളെ സ്നേഹിക്കുന്നുവെങ്കിലേ ആ വ്യക്തിയെ സേവിക്കാൻ കഴിയൂ. ഭൗതികസേവനത്തിലുപരിയായി ആത്മീയ സേവനവും വേണ്ടിയിരിക്കുന്നു. ആദ്യമായി വേണ്ടതു ആത്മീയസേവനമാണ് (മത്താ. 6:33).

അപ്രകാരം തന്നെ മതസംഘടനക്കാരും ഒളിത് വിഭാഗങ്ങളും സാമൂഹികക്ഷേമപ്രവർത്തനങ്ങളിൽ സഹായിക്കുന്ന പോലെ ആത്മീയകാര്യത്തിലും ഇത്തരക്കാരെ ഒഴിവാക്കാൻ പാടുള്ളതല്ല. ഈ മതസംഘടനകൾ തന്നെ വേദപുസ്തകത്തിനെതിരാണ്. അവരുടെ ആചാരങ്ങളും വിശ്വാസപ്രമാണങ്ങളും അതു വ്യക്തമാക്കുന്നു.

കാഞ്ചനകൂട്ടിലാണെങ്കിലും
ബന്ധനം ബന്ധനം തന്നെ പാരിൽ

സത്യവചനത്തെ യഥാർത്ഥമായി ഇവർ പഠിക്കുകയും അനുസരിക്കയും ചെയ്തശേഷം അതു മററുള്ളവരെ പഠിപ്പിക്കയും ചെയ്യണം. അതിനുശേഷമായിരിക്കണം അവരുടെ സാമൂഹ്യസേവനം.

ഈ ലേഖനം ആരെയും അവഹേളിക്കുന്നതിനോ തരം താഴ്ത്തി കാണിക്കുന്നതിനോ വേണ്ടിയല്ല. മറിച്ച് ഉച്ചനീചത്വങ്ങൾ വെച്ച് പുലർത്തുന്നതു ദൈവത്തിൻെറ പേരിലായതുകൊണ്ട് തുറന്നെഴുതുകയാണ്. ഈ ലേഖനം വായിച്ച് ആരെങ്കിലും തിരുവചന സത്യത്തിലേക്കു തിരിയുവാൻ കാരണമായാൽ അതിൽ ഞങ്ങൾ അതിയായി സന്തോഷിക്കും.

എല്ലാവരും ഒന്നാകുവാനുള്ള മാർഗ്ഗം ഒന്നേയുള്ളു. അതു ബൈബിൾ അടിസ്ഥാനമായി സ്വീകരിക്കുക എന്നതാണ്. ബൈബിളിൽ പറഞ്ഞിട്ടുള്ളതു മാത്രം വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യുക.

★

# പുഷ്പം

E. K. തേപ്പുപാറ

അഴകുള്ള ചക്കയിൽ ചുളയില്ലയെന്നപോൽ,
ഇപ്പൂവിനും ഒരു ഗുണമില്ല കേട്ടുകൊൾ.
പേരെന്നു ചൊല്ലുവാൻ മുള്ളിലഞ്ഞീമരം,
പൂവെന്നുരയ്ക്കുകിൽ കുങ്കുമപ്പൂവേ.

തേനൂറും വണ്ടിനുദാഹം ശമിക്കുവാ-
നോരിറ്റു തേൻ തരാൻ നിന്നാൽ കഴിയുമോ.
തേനില്ലാ പൂവെന്നു വണ്ടിനറിയില്ല,
ചുമ്മാതെ ചുറ്റാതെ പോഴ്കരിവണ്ടേ.

രണ്ടിലും കുഞ്ഞു കായ് തന്നീടും ഭംഗിയിൽ,
മെത്തയും പിന്നെ തലയിണ കുത്തുവാൻ,
തൽമണം നൽകുമാപിച്ചിയും മുല്ലയും,
റോസയും മറ്റുള്ള പുഷ്പവും ഭൂമിയിൽ.

ചന്തത്തിൽ നിൽക്കുന്നു ചന്തം പകർന്നപോൽ,
ചിത്തം തണുക്കുവാൻ നൽമണമേകുവാൻ.
കാന്തിയും ശോഭയും അഴകും വടിവവും,
ഒത്തിണങ്ങുന്നൊരു പുഷ്പമതുണ്ടഹോ.

കണ്ടാൽ കൊതിക്കുമേ അഴകുള്ള പൂവേ,
നിൽക്കുന്ന നിൽപൊന്നു മട്ടൊന്നു വേറെ,
ശാരോനിൽ നിൽക്കുമാപനിനീരിൻ പുഷ്പമേ,
നിന്നെപ്പോലൊക്കുമോ വേറൊന്നു ഭൂമിയിൽ.

താമര തന്നയും താഴ്വര നിൽക്കുമേ,
ആ പുഷ്പമല്ലയോ മണ്ണിൽമന്നവൻ.
ആരാണഹോ ആ പാരിന്റെ മന്നവൻ,
കാൽവറി ക്രൂശിലെ ശ്രീയേശു രക്ഷകൻ.

★

# ഏഴ് സഭകൾക്കുള്ള ദൂത്

## എം. എസ്. ജോൺ

### 6 ഫിലദെൽഫ്യ സഭ (വെളി. 3:7-13)

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

എന്നാൽ ബുദ്ധിജീവികളെന്നു ഊററം കൊള്ളുന്ന മനുഷ്യൻ ആ കണക്ക് അജ്ഞതയുടെ പരിവേഷം ചാർത്തി ജനത്തെ ദുരുപദേശം പഠിപ്പിച്ചു അതിനുള്ളിൽ ഒതുക്കി നിർത്താൻ ശ്രമിക്കുന്നത് എത്ര വങ്കത്വമാണ്. അനേകായിരങ്ങൾ ഇന്ന് പ്രസ്തുത ദുരുപദേശങ്ങളുടെ തണലിൽ വിശ്രമിച്ച് പുതു സ്വപ്നങ്ങൾ കണ്ടുകൊണ്ടിരിക്കയാണ്. സ്വപ്നങ്ങൾ ഒരിക്കലും യാഥാർത്ഥ്യങ്ങൾ ആയിതീരുന്നില്ല. ദൈവവചനം നമ്മെ പഠിപ്പിക്കുന്നത്: "ആയിരം സംവൽസരം നിൻെറ ദൃഷ്ടിയിൽ ഇന്നലെ കഴിഞ്ഞുപോയ ദിവസം പോലെയും രാത്രിയിലെ ഒരു യാമം പോലെയും മാത്രം ഇരിക്കുന്നു" (സങ്കീ. 90:4). ദൈവസന്നിധിയിൽ ആയിരം ആണ്ട് അൽപനിമിഷം പോലെ ഉള്ളു. അതിനാൽ ദൈവവചനത്തിൻെറ വെളിച്ചത്തിൽ മനുഷ്യൻെറ ബുദ്ധിയും അവൻെറ കണക്കു കൂട്ടലുകളും എത്രയോ ശൂന്യമായവയാണ്. അപ്പോസ്തലനായ പത്രൊസ് പറയുന്നത് ശ്രദ്ധിക്കുക. "കർത്താവിനു ഒരു ദിവസം ആയിരം സംവൽസരം പോലെയും ആയിരം സംവൽസരം ഒരു ദിവസം പോലെയും ഇരിക്കുന്നു എന്നീ കാര്യം നിങ്ങൾ മറക്കരുത്." (2 പത്രൊ. 3:6). ദുരുപദേശകരുടെ നട്ടെല്ല് ഇവിടെ ഒടിഞ്ഞു തകരുകയാണ്. അവർ ഇക്കാര്യം വളരെ ലാഘവബുദ്ധിയോടെ വിസ്മരിച്ചു കളയുന്നു. അവർ ജനത്തെ ദുരുപദേശങ്ങളാൽ വലച്ച് അവരുടെ കാര്യസാദ്ധ്യതകൾക്കായി മുതലെടുക്കുന്നു. ദൈവവചനം ഇരുവായ്ത്തലവാളാണെ

കിലും അവരിലേക്ക് അതു തുളച്ചുകയറി ചെല്ലുകയില്ല. കാരണം അത്രയ്ക്ക് തഴമ്പിച്ചതാണ് അവരുടെ ഹൃദയം.

കർത്താവ് വേഗം വരുന്നു. അവൻ തന്റെ പിതാവിന്റെ വാസസ്ഥലമായിരിക്കുന്ന സ്വർഗ്ഗത്തിലേക്ക് പോയിരിക്കുന്നത് ഭൂമിയിൽ അവനെ അനുഗമിക്കുന്ന എല്ലാവർക്കും നിത്യവാസസ്ഥലം ഒരുക്കുന്നതിനുവേണ്ടിയാണ്. 'എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്. ഇല്ലെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിന്നു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും'' (യോഹ. 14:2, 3). ''പുതിയ യെരൂശലേം എന്ന വിശുദ്ധ നഗരം ഭർത്താവിനായി അലങ്കരിച്ചിട്ടുള്ള മണവാട്ടിയെപ്പോലെ ഒരുങ്ങി സ്വർഗ്ഗത്തിൽ നിന്നു ദൈവസന്നിധിയിൽ നിന്നു തന്നേ, ഇറങ്ങുന്നതും ഞാൻ കണ്ടു'' (വെളി. 21:2). ''അവിടേക്കു യേശു മൽക്കീസേദെക്കിന്റെ ക്രമപ്രകാരം എന്നേക്കും മഹാപുരോഹിതനായി മുമ്പു കൂട്ടി നമുക്കു വേണ്ടി പ്രവേശിച്ചിരിക്കുന്നു'' (എബ്രാ. 6:20).

കർത്താവ് താമസംവിനാ വേഗം വരുമ്പോൾ നിന്റെ കിരീടം ആരും എടുക്കാതിരിപ്പാന്തക്കവണ്ണം നിനക്കുള്ളത് പിടിച്ചുകൊൾക എന്ന് ഫിലദെൽഫ്യ സഭയെ കർത്താവ് ഓർമ്മപ്പെടുത്തുന്നതുപോലെ നമ്മെയും അറിയിക്കുന്നു. ജീവകിരീടം പ്രാപിക്കുക എന്നതാണല്ലോ വിശ്വാസജീവിതത്തിന്റെ പരമ ലക്ഷ്യം. നമ്മുടെ ഈ ലോകമാകുന്ന മരുഭൂപ്രയാണത്തിൽ ഒരുവന്റെ കിരീടം മറ്റൊരാൾക്ക് അവകാശമായി തീരരുത്. ആയതിലേക്ക് ഓരോ വിശ്വാസിയും ദൈവവചനാനുസരണം ശ്രദ്ധേയമായി അവരുടെ കാൽചുവടുകൾ മുന്നോട്ടു വയ്ക്കേണ്ടതാണ്. 'അടി തെറ്റിയാൽ ആനയും ചരിയും', എന്നുള്ള മൊഴി ശ്രദ്ധേയമാണ്

ല്ലോ ? വിശ്വാസജീവിതത്തിന്റെ അടിസ്ഥാനമാകുന്ന യേശുക്രിസ്തുവിന്റെ ഉപദേശത്തിൽ നിന്നും ഒട്ടും തന്നെ വ്യതിചലിക്കാതെ കേട്ടത് അധികം ശ്രദ്ധയോടെ കരുതി കൊള്ളേണ്ടതാകുന്നു. അപ്പോസ്തലനായ പൌലൊസിന്റെ വാക്കുകൾ നാം ഓർമ്മിക്കുക. "ഒന്നു ഞാൻ ചെയ്യുന്നു. പിമ്പിലുള്ളതു മറന്നും മുമ്പിലുള്ളതിന്നു ആഞ്ഞും കൊണ്ട് ക്രിസ്തു യേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിന്നായി ലാക്കിലേക്ക് ഓടുന്നു" (ഫിലി. 3:14). "ഓട്ടക്കളത്തിൽ ഓടുന്നവർ എല്ലാവരും ഓടുന്നു എങ്കിലും ഒരുവനേ വിരുതു പ്രാപിക്കുന്നുള്ളു എന്നു അറിയുന്നില്ലയോ ? നിങ്ങളും പ്രാപിപ്പാന്തക്കവണ്ണം ഓടുവിൻ" (1 കൊരി. 9:24). നമ്മുടെ വിശ്വാസജീവിതം കിരീടം പ്രാപിപ്പാൻ തക്കവണ്ണം ഉള്ളതായിരിക്കണം; അല്ലാതെ പരീക്ഷിച്ച് അറിയാനുള്ളതല്ല. "അതുകൊണ്ട് നാം വല്ലപ്പോഴും ഒഴുകിപ്പോകാതിരിക്കേണ്ടതിന്നു കേട്ടത് അധികം ശ്രദ്ധയോടെ കരുതിക്കൊൾവാൻ ആവശ്യമാകുന്നു" (എബ്രാ. 2:1) യേശുക്രിസ്തുവിന്റെ കൽപനകളെയും, ഉപദേശങ്ങളെയും മുറുകെ പിടിച്ചുകൊള്ളാതെ അപരാധസഞ്ചാരം ചെയ്യുന്ന അനേകായിരങ്ങളെ പോലെ ആകരുതെന്ന് കർത്താവ് വളരെ ദീർഘവീക്ഷണത്തോടുകൂടി കാലഘട്ടങ്ങളെ അതിജീവിക്കുന്നതിനായി കർത്താവിന്റെ സഭകളെ അറിയിച്ചിരിക്കുന്നു.

അനേകം വിശ്വാസികളും തനിക്കുള്ളതിനെ മുറുകെ പിടിച്ചുകൊള്ളാതെ മറുകണ്ടം ചാടുന്ന അനുഭവങ്ങൾ ഏറിവരികയാണ്. അവന്റെ ഉപദേശത്തിൽ നിലനിൽക്കാത്ത ഒരുത്തനും ദൈവം ഇല്ലായെന്നു അറിഞ്ഞുകൊള്ളാൻ അപ്പോസ്തലനായ യോഹന്നാൻ തന്റെ ലേഖനത്തിൽ വെളിപ്പെടുത്തിയിരിക്കുന്നു. പരീക്ഷകളും ശോധനകളും നേരിടുമ്പോൾ വിശ്വാസികൾ അതിൽ കുടുങ്ങി അവർക്ക് ലഭിക്കേണ്ട കിരീടം മറ്റൊരുവനിലേക്ക് മാറിപ്പോയാൽ എത്ര നിർഭാഗ്യകരമായ ഒരവസ്ഥയാണ് അത്. "ഒരുത്തൻ മല്ലുകെട്ടിയാലും

ചട്ടപ്രകാരം പൊരായ്കിൽ കിരീടം പ്രാപിക്കയില്ല" (2 തിമൊ. 2:5)

ക്രിസ്തീയ ജീവിതമാകുന്ന ഓട്ടക്കളത്തിൽ ഓടി വിരുതു പ്രാപിക്കുന്നവന് കിരീടം മാത്രമല്ല അവനെ കർത്താവ് തന്റെ പിതാവിന്റെ ആലയത്തിൽ ഒരു തൂണാക്കുകയും ചെയ്യും. 'ജയിക്കുന്നവനെ ഞാൻ എന്റെ ദൈവത്തിന്റെ ആലയത്തിൽ ഒരു തൂണാക്കും. കെട്ടിടത്തിന്റെയോ മററെന്തിന്റെ എങ്കിലുമോ സുരക്ഷിതമായ നിലനിൽപ്പ് അതിന്റെ തൂണിനെ ആശ്രയിച്ചായിരിക്കും. തൂണ് ശക്തി കുറഞ്ഞതായിരുന്നാൽ പ്രതികൂല സാഹചര്യങ്ങൾ അതിൻമേൽ വന്നടിക്കുമ്പോൾ കെട്ടിടം വീണുപോകും. വിശ്വാസത്തിൽ പൂർണ്ണ ഉറപ്പും, അതിഭയങ്കരമായ പ്രതികൂലഭാരങ്ങളെ വഹിപ്പാനുള്ള കഴിവും സന്മനസ്സുമുള്ള സ്വഭാവത്തെയാണ് തൂണിനോട് തുലനം ചെയ്തിരിക്കുന്നത്.

ഫിലദെൽഫ്യാ പ്രദേശം ഭൂമിശാസ്ത്രപരമായ സാഹചര്യങ്ങളെ വച്ചു പഠിക്കുമ്പോൾ നമുക്കു മനസ്സിലാക്കാൻ കഴിയുന്നത്, എപ്പോഴും ഭൂകമ്പത്താൽ ഭീതിജനകമായിരുന്നു ആ പട്ടണം. ദൈവത്തിന്റെ ആലയമായ സഭയുടെ അസ്ഥിരതയും കർത്താവ് മുന്നമേ കണ്ടുകൊണ്ട് സഭയിലെ വിജയികളെ തൂണുകളായി കർത്താവ് എണ്ണപ്പെടുന്നു. യാക്കോബിനെയും, പത്രൊസിനെയും, യോഹന്നാനെയും യെരൂശലേം സഭയിലെ തൂണുകളായി എണ്ണപ്പെട്ടിരുന്നു "തൂണുകളായി എണ്ണപ്പെട്ടിരുന്ന യാക്കോബും, കേഫാവും യോഹന്നാനും." (ഗലാ. 2:9). എന്ന വിവക്ഷ ഓർമ്മിക്കുക.

★

(ശേഷം അടുത്ത ലക്കത്തിൽ)

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH**—The Voice of Truth—Speakers: Reggie Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth.
Post Box 3815, New Delhi-110049.
Mondays — 9:00 to 9:15 P.M.
Fridays — 7:45 to 8:00 P.M.

**HINDI**—Satya Susamachar—Speaker. Sunny David.

All correspondence should be sent to Satya-Susamachar.
Post Box 3815, New Delhi-110049.
Sundays — 12:45 to 1:00 P.M.
Tuesdays — 9:00 to 9:15 P.M.
Thursdays — 9:00 to 9:15 P.M.
Fridays — 9:00 to 9:15 P.M.

**TELUGU**—The Voice of Truth—Speaker: Joshua Gootam

All correspondence should be sent to The Voice of Truth
Post Box 80, Kakinada-533001.
Sundays — 2:30 to 2:45 P.M.
Tuesdays — 2:30 to 2:45 P.M.
Thursdays— 2:30 to 2:45 P.M.
Fridays — 2:30 to 2:45 P.M.
Saturdays — 2:30 to 2:45 P.M.

**TAMIL**—"The Way of Truth"—Speaker: P. R. Swamy.

All correspondence should be sent to The Way of Truth
Post Box 8405, Bangalore 560084.
Tuesdays — 5:30 to 5:45 P.M.
Thursdays — 6:45 to 7:00 P.M.
Sundays — 6:45 to 7:00 P.M.

**MALAYALAM**—The Voice of Truth—Speaker: P. K. Varghese

All correspondence should be sent to Church of Christ
Trivandrum - 695034 Kerala.
Tuesdays & Fridays—3:45 to 4:00 P.M.

**KANNADA**—The Voice of Truth—Speaker: Robert Rathnakar—Box. 448, Bangalore—560004
Sundays 1:45 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

Edited, Printed and Published by P.K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum.

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

* You are Cordially Invited *
To Attend
Services and Bible studies

Sunday 10 a.m.
Tuesday 6.30 P.m.

Meeting place

**CHURCH OF CHRIST BUILDING**

Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

From

**THE BIBLE TRUTH**
Church of Christ
Behind Sanskrit College
Thiruvananthapuram-695034
Phone : 443378

To